## അശ്രദ്ധ മൂലം നാല് ലക്ഷത്തോളം രൂപയുടെ നഷ്ടമുണ്ടാക്കിയ തൊഴിലാളിയെ പിരിച്ചുവിട്ടതിൽ തെറ്റില്ല

### മദ്രാസ് ഹൈക്കോടതി

W.P. No. 22314/2019 Dt. 13.10.2020

വി. ഭാസ്കരൻ x എം.ആർ.എഫ്. ലിമിറ്റഡ്

1993–ൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ചയാളെ 1994–ൽ മേനേജ്മെന്റ് പരിശീലനാർത്ഥിയായി ഫാക്ടറിയിൽ നിയമിച്ചു. 1996–ൽ മേനേജ്മെന്റ് അയാളെ പ്രൊബേഷനറായി നിയമിച്ചു. 1997–ൽ അയാൾക്ക് സ്ഥിരം നിയമനം നല്കപ്പെട്ടു. അക്കാലത്ത് ഫാക്ടറിയിൽ ഒരു തൊഴിലാളി യൂണിയൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ യൂണിയൻ തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നില്ലെന്നും മേനേജ്മെന്റുമായി ചേർന്നു പോകുകയാണെന്നും കരുതിയ തൊഴിലാളി 'എം.ആർ.എഫ്. യുനൈറ്റഡ് വർക്കേഴ്സ് യൂണിയൻ' എന്ന പേരിൽ ട്രേഡ് യൂണിയൻ രൂപീകരിച്ചു. പുതിയ യൂണിയനിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനു വേണ്ടി തൊഴിലാളി അശ്രാന്ത പരിശ്രമം നടത്തി. അതിന്റെ ഭാഗമായി ഫാക്ടറിയിൽ ലഘുലേഖകൾ വിതരണം ചെയ്തു. ഇത് മേനേജ്മെന്റിനെ അസ്വസ്ഥമാക്കി. തുടർന്ന് മേനേജ്മെന്റ് അയാളെ പവർ ഹൗസ് വകുപ്പിൽ നിന്ന് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് വകുപ്പിലേക്ക് മാറ്റി. പ്രസ്തുത വകുപ്പിൽ ജോലി ചെയ്യുന്നതിനുള്ള സാങ്കേതിക ജ്ഞാനം അയാൾക്ക് തുലോം കുറവായിരുന്നു. അപ്രകാരമിരിക്കെ അയാൾക്കെതിരെ മേനേജ്മെന്റ് പെരുമാറ്റദൂഷ്യമാരോപിച്ച് ഗാർഹികാന്വേഷണം നടത്താൻ തീരുമാനിച്ചു. തൊഴിലാളിയുടെ അശ്രദ്ധയും അവഗണനയും മൂലം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം തകരാറിലാവുകയും തൽഫലമായി നാല് ലക്ഷത്തോളം രൂപയുടെ നഷ്ടം മേനേജ്മെന്റിനുണ്ടാവുകയും ചെയ്തുവെന്ന കുറ്റാരോപണമാണ് തൊഴിലാളിക്കെതിരെ ഉന്നയിക്കപ്പെട്ടത്. പ്രസ്തുത കുറ്റാരോപണം തെളിഞ്ഞിട്ടുണ്ടെന്ന് കാണിച്ച് ഗാർഹികാന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ട് മേനേജ്മെന്റിന് സമർപ്പിച്ചു. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേനേജ്മെന്റ് തൊഴിലാളിയെ 2004–ൽ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതു സംബന്ധിച്ച് തൊഴിലാളി ഉന്നയിച്ച വ്യവസായ തർക്കം സംസ്ഥാന സർക്കാർ ലേബർ കോടതിയിലേക്ക് റഫർ ചെയ്തു. ഗാർഹികാന്വേഷണം കുറ്റമറ്റ രീതിയിലാണ് നടത്തിയതെന്നും കുറ്റാരോപണങ്ങൾ തെളിഞ്ഞിട്ടുണ്ടെന്നും വിലയിരുത്തിയ ലേബർ കോടതി തൊഴിലാളിയുടെ അവകാശവാദങ്ങൾ തള്ളിക്കളഞ്ഞ് 2012–ൽ വിധി പ്രസ്താവിച്ചു. ഇതിനിടെ തൊഴിലാളി നിയമ ബിരുദം സമ്പാദിക്കുകയും 2008–ൽ അഭിഭാഷകനായി തമിഴ്നാടു ബാർ കൗൺസിലിൽ പേര് ചേർക്കുകയും നിയമാഭ്യസനം ആരംഭിക്കുകയും ചെയ്തിരുന്നു. ലേബർ കോടതിയുടെ വിധിക്കെതിരെ യാതൊരു നിയമ നടപടിയും സ്വീകരിക്കാതെ തൊഴിലാളി അഭിഭാഷകവൃത്തിയിൽ തുടർന്നു. എന്നാൽ ഏഴ് വർഷം കഴിഞ്ഞപ്പോൾ ലേബർ കോടതിയുടെ വിധിക്കെതിരെ അയാൾ റിട്ട് ഹർജി സമർപ്പിച്ചു. സാമ്പത്തിക ശേഷിയില്ലാത്തതിനാലും ദാരിദ്ര്യത്തിൽ കഴിഞ്ഞതിനാലുമാണ് റിട്ട് ഹർജി നല്കാൻ ഏഴ് വർഷത്തെ കാലതാമസമുണ്ടായതെന്ന് ചൂണ്ടിക്കാട്ടിയ തൊഴിലാളി ഗാർഹികാന്വേഷണം നടത്തിയത് സ്വാഭാവിക നീതിയുടെ തത്ത്വങ്ങൾ പാലിക്കാതെയാണെന്നും തനിക്കെതിരെയുള്ള ആരോപണങ്ങൾ കെട്ടിച്ചമച്ചതാണെന്നും തൊഴിലാളി യൂണിയൻ രൂപീകരിച്ചതിലുള്ള വിരോധം കൊണ്ടാണ് മേനേജ്മെന്റ് തന്നെ ബലിയാടാക്കിയതെന്നും വാദിച്ചു. അഭിഭാഷകനായി പ്രവർത്തിക്കുന്ന ഹർജിക്കാരൻ പട്ടിണിയിലായിരുന്നുവെന്നും മറ്റും പ്രസ്താവിച്ചത് കളവാണെന്നും കാലതാമസം വന്നതിന് യുക്തമായ കാരണമില്ലെന്നും ഹൈക്കോടതി നിരീക്ഷിച്ചു. നാല് ലക്ഷത്തോളം രൂപയുടെ നഷ്ടമുണ്ടാക്കും വിധം തൊഴിലാളി അശ്രദ്ധമായി പ്രവർത്തിച്ചുവെന്നത് തെളിഞ്ഞിട്ടുണ്ടെന്നും ഗാർഹികാന്വേഷണം കുറ്റമറ്റ രീതിയിലാണ് നടത്തിയതെന്നും വിലയിരുത്തിയ ഹൈക്കോടതി ലേബർ കോടതിയുടെ വിധി ശരിവയ്ക്കുകയും തൊഴിലാളിയുടെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.